LIBRARY ARCHIVES Kerala Legislative Assembly

വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പ്രൊഫഷണൽ കോളേജുകളിൽ ആനുകൂല്യങ്ങൾ നേടിയതു സംബന്ധിച്ച പരാതികൾ

89 [1458] ശ്രീ. പി. ടി. തോമസ്
,, ടി. എൻ. പ്രതാപൻ:
,, കെ. ബാബു:
,, എ. പി. അനിൽകുമാർ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോളേജുകളിൽ ഇപ്പോൾ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ വ്യാജ ജാതി സർട്ടിഫിക്കറ്റും വ്യാജ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കി ആനുകൂല്യം നേടിയത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു;

(ബി) ആരെല്ലാം ഹാജരാക്കിയ സർട്ടിഫിക്കറ്റ് സംബന്ധിച്ചാണ് പരാതിയുണ്ടായിട്ടുള്ളത്;

(സി) ഇതിനെപ്പറ്റിയുള്ള അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2002-ലെ പ്രവേശനവുമായി ബന്ധപ്പെട്ട് രണ്ട് പരാതികൾ നിലവിലുണ്ട്.

(ബി) വ്യാജ സർട്ടിഫിക്കറ്റ് നൽകി പ്രവേശനം നേടി എന്നതു സംബന്ധിച്ച് ബിൻസി, ബി. കെ. (എം. ബി. ബി. എസ്. വിദ്യാർത്ഥിനി, മാതാ അമൃതാനന്ദമയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കൊച്ചി)-യുടെ പേരിലും വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി സംവരണ ആനുകൂല്യം നേടി എന്നതു സംബന്ധിച്ച് വസിം അഹമ്മദ് (എം. ബി. ബി. എസ്. വിദ്യാർത്ഥി, ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ) എന്ന വിദ്യാർത്ഥിയുടെ പേരിലുമാണ് പരാതികൾ ഉണ്ടായിട്ടുള്ളത്.

(സി) ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വസിം അഹമ്മദിന് അനന്തര നടപടികൾ സ്വീകരിക്കാതിരിക്കാനുള്ള കാരണം കാണിക്കുവാനുള്ള നോട്ടീസ് പ്രവേശന പരീക്ഷാ കമ്മീഷണർ കൊടുക്കുകയും 24-1-2004-ൽ പെഴ്സണൽ ഹിയറിംഗിന് അവസരം നൽകുകയും ചെയ്തിട്ടുണ്ട്. നടപടികൾ പൂർത്തിയായിട്ടില്ല. ബി. കെ. ബിൻസിയുടെ കാര്യത്തിൽ വ്യാജ സർട്ടിഫിക്കറ്റ് നൽകിയത് ശരിയാണെന്ന് കണ്ടെത്തുകയും എം. ബി. ബി. എസ്. പ്രവേശനം റദ്ദാക്കാതിരിക്കാൻ കാരണം കാണിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർ 22-7-2003-ന് നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി വിദ്യാർത്ഥിനി അഡ്മിഷൻ റദ്ദാക്കുന്നത് സ്റ്റേ

ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും ഒരു ഉത്തരവ് നേടുകയുണ്ടായി. 29-10-2003-ൽ പ്രവേശന പരീക്ഷാ കമ്മീഷണർ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് ഇപ്പോഴും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്നവരുടെ സാമ്പത്തിക സ്ഥിതി

90 [1460] ശ്രീ. എ. പി. അനിൽകുമാർ:
,, കെ. ബാബു:
,, എം. മുരളി:
,, വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്നവരുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ച എത്രപേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്നവരുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ എസ്. ഇ. ബി. സി. വിഭാഗത്തിൽ 2003-ൽ പ്രവേശനം നേടിയവരുടെ വിവരം ലഭ്യമാണ്. ഈ വിഭാഗത്തിൽപ്പെടുന്ന വിവിധ വരുമാന പരിധിയിൽ വരുന്നവരുടെ എണ്ണം താഴെ കൊടുക്കുന്നു:

വാർഷിക വരുമാന പരിധി (രൂപ)	*തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ എണ്ണം*	*ശതമാനം*
20,000 വരെ	769	13.9
20,001 മുതൽ 60,000 വരെ	1656	29.96
60,001 മുതൽ 1,20,000 വരെ	1277	23.1
1,20,001 മുതൽ 1,80,000 വരെ	901	16.3
1,80,001 മുതൽ 2,50,000 വരെ	925	16.73

LIBRARY ARCHIVES Kerala Legislative Assembly